## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.. 1261

12 -07- 2011-ൽ മറുപടി നൽകേണ്ടിയിരുന്നത്.

## തട്ടിപ്പുകമ്പനികളുടെ പ്രവർത്തനം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

(എ) ശ്രീകോവിൽ ചിറ്റ്സ്, ബിസയർ ഗ്ലോബൽ ഗ്രൂപ്പ് മണിചെയിൻ കമ്പനി, ടൈക്കൂൺ തട്ടിപ്പ് കേസ് , എക്സോഡഡ് ഗ്രൂപ്പ്, ആപ്പിൾ എഡേ പ്രോപ്പർട്ടീസ് തുടങ്ങിയ തട്ടിപ്പു കമ്പനികളുടെ തട്ടിപ്പിനിരയായ എത്ര പേരാണ് കേരളത്തിലൊട്ടാകെ പരാതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവഴി എത്രകോടി രൂപയാണ് ഓരോ കമ്പനിയും തട്ടിയെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) എത്ര കേസുകളാണ് ഓരോ തട്ടിപ്പ് സംബന്ധിച്ചും രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(എ)യും, (ബി)യും, (സി)യും. ഇത്തരം തട്ടിപ്പുകളുമായി ബന്ധപ്പെട്ട് ഏകദേശം 1512-ഓളം പേർ പ്രസ്തുത കമ്പനികൾക്കെതിരായി പരാതികൾ നൽകിയിട്ടുണ്ട്. ഓരോ കമ്പനികൾക്കെതിരെയും രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണവും, കമ്പനികൾ തട്ടിയെടുത്ത തുകയും ചുവടെ ചേർക്കുന്നു.

| കമ്പനികളുടെ പേര് | കേസുകളുടെ എണ്ണം | തുക (ഏകദേശം) (രൂപ) |
|---|---|---|
| ടൈക്കൂൺ | 23 | 25,73,000 |
| ബിസയർ ഗ്രൂപ്പ് | 152 | 2,40,88,445 |
| ആപ്പിൾ എഡേ പ്രോപ്പർട്ടി | 184 | 1,08,63,34,353 |
| ശ്രീകോവിൽ ചിറ്റ്സ് | 30 | 7,80,595 |
| എക്സോഡന്റ് | ഇല്ല | ഇല്ല |

| | | | |
|---|---|---|---|
| (ഡി) | ഇവയുടെ ഓരോന്നി ന്റെയും അന്വേഷണ ചുമതല ആർക്കൊക്കെ യാണ് നൽകിയിട്ടുള്ളത്; ഓരോന്നിനും പ്രത്യേകം പ്രത്യേകം പോലീസ് അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാ ക്കാമോ ; | (ഡി) യും (ഇ) യും. | ഇത്തരം തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചു കൊണ്ട് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും (T8/46961/11 കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി) നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത തട്ടിപ്പുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എല്ലാ കേസുകളും സി.ബി.സി.ഐ.ഡി (Economic Offence Wing)-യ്ക്ക് കൈമാറുവാൻ നിർദ്ദേശിക്കുകയും അന്വേഷണത്തിന്റെ മുഴുവൻ നിരീക്ഷണ ചുമതലയും എ.ഡി.ജി.പി ക്രൈംസ്)-നെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം തട്ടിപ്പ് നടത്തിയ കമ്പനികളുടെ ബാങ്ക് ഇടപാടുകൾ മരവിപ്പിക്കുവാനും, വ്യാജ ബാങ്ക് അക്കൗണ്ടുകളെപ്പറ്റി റിസർവ് ബാങ്കിനെ അറിയിക്കുവാനും തട്ടിപ്പുകൾക്കായി കമ്പനികൾ ഉപയോ ഗിച്ചിരുന്ന വെബ് സൈറ്റുകൾ, സെർവറുകൾ എന്നിവ കണ്ടെത്തി കമ്പ്യൂട്ടറുകൾ പിടിച്ചെടുക്കുവാനും എസ്.എം.എസ്-കളുടെ ഉറവിടങ്ങൾ കണ്ടെത്തി വ്യാപകമായ അന്വേഷണം നടത്തുവാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം തട്ടിപ്പുക ളിലൂടെ പ്രതികൾ സമ്പാദിച്ച വസ്തു വകകൾ ക്രയവിക്രയം നടത്താതിരി ക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സബ് രജിസ്ട്രാർക്കും, വില്ലേജ് ഓഫീസർ |
| (ഇ) | ഇത്തരം തട്ടിപ്പു സംഘ ങ്ങൾക്ക് ഇരയാകാതിരി ക്കാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്ന തിന് എന്ത് നടപടി സ്വീകരിക്കാ നാണ് ഉദ്ദേ ശിക്കുന്നത് ? | | |

.മാർക്കും നിർദ്ദേശം നൽകാൻ ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇവരുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിനായി ബന്ധപ്പെട്ട ബാങ്കുകളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രതികളുടെ പാസ്പോർട്ടിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് പാസ്പോർട്ട് ഓഫീസർക്ക് വിശദ വിവരങ്ങൾ കൈമാറിയിട്ടുള്ളതും എമിഗ്രേഷൻ വിംഗിന് പ്രതികളുടെ വിവരങ്ങൾ കൈമാറിക്കൊണ്ടിരിക്കുക യുമാണ്. പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ നടക്കുവാനുള്ള സാധ്യതയുണ്ടോ തുടങ്ങിയ കാര്യങ്ങൾ രഹസ്യപോലീസ് വിഭാഗം സസൂക്ഷ്മം നിരീക്ഷിച്ച് നടപടി എടുത്തു വരുന്നുണ്ട്.

(signature)

സെക്ഷൻ ഓഫീസർ